# ശ്രീമൂലവാസം ജൈനവിഹാരമോ ബൗദ്ധവിഹാരമോ ?

എൻ. വി. കൃഷ്ണവാരിയർ

ശ്രീമൂലവാസം എന്ന പേരിൽ പ്രസിദ്ധമായിരുന്ന ഒരു ബൗദ്ധവിഹാരം കേരളത്തിന്റെ കടൽത്തീരത്തുണ്ടായിരുന്നു എന്ന് ചരിത്രകാരന്മാർ അംഗീകരിച്ചിട്ടുണ്ട്.[1] ഇത് ഒരു ബൗദ്ധവിഹാരമോ അതോ യഥാർത്ഥത്തിൽ ഒരു ജൈനവിഹാരമോ എന്നതാണ് ഈ ലേഖനത്തിലൂടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രശ്നം.

ശ്രീമൂലവാസത്തെപ്പററി നാലു പരാമർശങ്ങളാണ് ചരിത്രകാരന്മാരുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളത്. ഗാന്ധാരപ്രദേശത്ത് കാണപ്പെട്ട ഒരു പ്രതിമയിലെ "ദക്ഷിണാപഥേ മൂലവാസലോകനാഥ:" എന്ന കുറിപ്പാണ് ഇതിലൊന്ന്[2]. ദക്ഷിണാപഥത്തിലുണ്ടായിരുന്ന മൂലവാസത്തിലെ ലോകനാഥപ്രതിമയുടെ പകർപ്പാണ് ഗാന്ധാരപ്രദേശത്തു കാണപ്പെട്ട പ്രതിമയെന്നാണ് ഈ കുറിപ്പിൽ നിന്നുള്ള അനുമാനം. കേരളത്തിലെ ശ്രീമൂലവാസം അഥവാ മൂലവാസം ഒരു ബൗദ്ധവിഹാരമാണെന്നുള്ളതിനു അനിഷേധ്യമായ തെളിവായി ഈ കുറിപ്പിനെ കണക്കാക്കിക്കൂടാ.

ശ്രീമൂലവാസത്തെപ്പററിയുള്ള രണ്ടാമത്തെ പരാമർശം "ആര്യമഞ്ജുശ്രീമൂലകൽപം" എന്ന ബൗദ്ധതാന്ത്രികഗ്രന്ഥത്തിന്റെ അവസാനത്തിൽ ഉള്ള "ശ്രീമൂലഘോഷവിഹാരാധിപതിനാ ശ്രീബോ... ...മധ്യദേശാദ് വിനിർഗതേന പണ്ഡിതരവിചന്ദ്രേണ ലിഖിതമിതി" എന്ന പുഷ്പിക ആണ്[3]. ഇതിൽ പറയുന്ന "ശ്രീമൂലഘോഷവിഹാരം" ശ്രീമൂലവാസം തന്നെയെന്ന് പരിച്ഛേദിച്ചു പറയാനാവില്ല. ശ്രീമൂലഘോഷവിഹാരത്തിന്റെ അധിപതിയും ആര്യമഞ്ജുശ്രീമൂലകൽപം പകർത്തെഴുതിയ ആളുമായ പണ്ഡിതരവിചന്ദ്രൻ ഗംഗായമുനകളുടെ മധ്യഭാഗത്തു നിന്നു വന്ന ആളാണുതാനും.

വിക്രമാദിത്യവരഗുണൻ എന്ന ആയ് രാജാവിന്റെ ഒരു ദാനത്തെപ്പററിയുള്ളതും, "പാലിയം ചെപ്പേട്"' എന്ന് അറിയപ്പെടുന്നതുമായ രേഖയിലാണ് ശ്രീമൂലവാസത്തെപ്പററിയുള്ള മൂന്നാമത്തെ പരാമർശം. ഇതെഴുതിയത് ഏ. ഡി. 868-ലാണെന്ന് ഗോപീനാഥറാവുവും 898-ൽ ആണെന്ന് ഡോ. എം. ജി എസ്. നാരായണനും 925-ൽ ആണെന്ന് ഇളംകുളം കുഞ്ഞൻപിള്ളയും പ്രസ്താവിച്ചിട്ടുണ്ട്. തിരുമൂലവാതത്ത് പടാരർക്ക് (പാടാരർക്ക് എന്നാണ് രേഖയിൽ; ദീർഘം ലേഖകപ്രമാദമാവാം) തെക്കൻ തിരുവിതാംകൂറിൽ കീഴ്കുളം, ഇടൈക്കോട്, കടലങ്കുളം, തൊളിക്കോട് തുടങ്ങിയ പ്രദേശങ്ങളിൽ ഏതാനും ഭൂസ്വത്ത് വരഗുണൻ എന്ന യാദവരാജാവ് ദാനം ചെയ്യുന്നതാണ് ഈ രേഖയിലെ വിഷയം. "തിരുമൂലവാതത്ത് പടാരർ ബുദ്ധനോ ശിവനോ വിഷ്ണുവോ എന്ന് ആ പേരിൽ നിന്ന് മനസ്സിലാക്കാൻ വയ്യ" എന്നാണ് ഈ രേഖ ആദ്യമായി പ്രസിദ്ധപ്പെടുത്തിയ ഗോപീനാഥറാവു പറയുന്നത്.[4] അപൂർണമായി മാത്രം ലഭിച്ചിട്ടുള്ള ഈ ശാസനത്തിൽ രണ്ടു ഭാഗങ്ങളുണ്ട്. ആദ്യഭാഗം തമിഴിലാണ്. ഇതിന്റെ കുറച്ചു വരികളേ കിട്ടി

1. നീലകണ്ഠശാസ്ത്രി, A History of South India, p. 437
2. Foucher L. Iconographic Boudhic-part A part 1 p. 105
3. ആര്യമഞ്ജു ശ്രീമൂലകല്പം, വാല്യം 3, പേ. 722
4. TAS Vol. 1. P. 187 ff.

യിട്ടുള്ളൂ. ദാനം ചെയ്യപ്പെടുന്ന ഭൂമിയുടെ അതിരുകളാണ് ഇതിൽ പ്രതിപാദ്യം "മററും കോയിർക്കരിയമതെല്ലമകപ്പട തിരുമൂലപാതത്തു പാടാരർക്കട്ടിക്കട്ടത്..." എന്ന് ഈ ഭാഗം അവസാനിക്കുന്നു.

സംസ്കൃതത്തിലുള്ള രണ്ടാംഭാഗത്തിൽ പതിമൂന്ന പദ്യങ്ങളുണ്ട്[5]. ആദ്യത്തെ പദ്യം "ശൗദ്ധോദനി"യെ സ്തുതിക്കുന്നു. രണ്ടാംപദ്യം ധർമസംഘങ്ങളെ വാഴ്ത്തുന്നു. മൂന്നാമത്തെ പദ്യം അവലോകിതന്റെ

---

5. ഓം സ്വസ്തി. യ: കല്യാണമയ: സ്വയം
വിതനുതേ യ: കല്പകസ്യ സ്ഥിതിം
യസ്മാദഭ്യുദിതസ്സമാംസ്യ ഹരതേ സദ്ധർമ
ഘർമദ്യുതി:
യൽപാദാശ്രയിണോ ഭവന്തി സുഖിന:
സർവേ ഗണാ: പ്രാണിനാം
ധ്യേയാന്തേതരിവാപരസ്ത്രിജഗതീം സർവാംസ
ശൗദ്ധോദനി: 1
ആത്മാകാരഗ്രഹണവിമുഖാവാഹൃതാ
പാംഗലീലൗ
പ്രാപ്തൗ നിത്യം ശ്രുതിമവിതൃഷാനേകരൂപാ
വബോധൗ
ദേവ്യാ ഭൂമേർന്നിഖിലകുമതിധ്വാന്തരോധാ
ന്വിതായാ
-നേത്രായേതാം ജിതകുവലയൗ ധർമസംഘൗ
ചിരായ. 2
നിഷ്യന്ദമാനകരുണാമൃതവാരിപൂര-
നിർധൗതനിർമലതരേവ വിരാജമാനാ
ലക്ഷ്മീം ചിരായ ഭജതാമവലോകിതസ്യ
ദിശ്യാത്തു ന: ശിശിരദീധിതിതുല്യകാന്തി:
ജ്യോത്സ്നാപൂര ഇവാമല: ശശധരാദാ
ഹ്ലാദയൻ മേദിനീം
യ: പ്രാവർത്തത യദ്ഭവേന ശശിനം
മുക്ത്വാ കളങ്ക: ക്വചിൽ
യസ്യാസ്തോദയഹിമ്യശൈലനിലയാ:
സൈന്യേഭദന്താവലീ-
ടങ്കക്ഷുണ്ണതടാ ഭവന്തി വിജയസ്തംഭാ
ജഗന്നിർജയേ. 4
ആസീദ്യസ്യ വിലോലവീചികലികാ
ബാഹാഗ്രഫേനാവലീ-
പ്രേംഖച്ചാമരചാരുചാരചതുരാ ദാസീ ചതു:
സാഗരീ
യജ്ജാതസ്യ കരോതി മൂർധ്നി മുകുടീ
ബദ്ധൈകബന്ധൗ രമാ
ലീലാംഭോരുഹമണ്ഡലേനലളിതാംരത്നാത
പത്രശ്രീയം 5
യജ്ജാതേഷ്വനുബന്ധയാജിഷു ഗതേഷ്വ
ദ്യാപി താരാപഥേ
ലക്ഷ്യന്തേ ഹയമേധധൂമനികരാ ലഗ്നാ ഇവാം
ഭോധരാ:
യത്രത്യാനിവ ചാനുകർത്തുമഥ തേ ഗത്വാ
ചതു: സാഗരീം
വർഷന്ത്യാഹൃതമാഹൃതം വസുമതീഭൃത്യൈ
സ്വസാരോച്ചയം 6
സ്ഥേയാൽ ക്ഷിതിഭൃതാം മൂർധ്നി സ്ഫുരന്മുക്താ
ഫലോദയ:
വംശോ വാർഷ്ണേയഭൂപാനാം സോയമാ...7
... ... ... വിഭൂഷണേന
ഭക്ത്യാനതേന ബലരാജിപരാഗധൂമ-
വ്യാരോദിതാരിവനിതേന വിലിഞ്ജഭർത്രാ 8
മകരജുഷി ദിനേശേ മാസി പൗഷേ ദിനേ വാ
മൃഗശിരസി ഗുരൗ സ പ്രാപ്തപഞ്ചത്രികായു:
അവനിമദിശദസ്യാ ദിക്ഷു സീമാദി സർവം
ഭൂമിധവചന ഏവാലോക്യതാമത്ര പത്രേ. 9
രക്ഷാർഥമസ്യാ: സ്വയമേവ രാജ്ഞാ
സുസ്ഥാപിതോ രാജതി വീരകോത:
ബാഹൂപധാനാമുരസി പ്രസുപ്താം
ലക്ഷ്മീം ദധാനോ വിജയാനുരക്താം. 10
യാച്ഞാകർമണ്യഭവദനിശം പ്രീതയേ
കർമഭാവോ
ന സ്വപ്നേപി പ്രണയിസുഹൃദ: കർത്തൃതാ
യസ്യ ചാസീൽ
സോയം ദേവോ വരഗുണ ഇതി പ്രാർഥയ
ത്യാത്മവംശ്യാൻ
പുണ്യാത്മാസൗ ന ഖലു ഭവതാമന്വയോ
നാശനീയ: 11
ഭൂയോപ്യേഷ ക്ഷിതിപവൃഷഭോ ഭാവിനോ
നമ്രമൗലി:
സർവാനേവ പ്രണയിസുഹൃദോ യാചതേ
യാദവേന്ദ്ര:
ഭൂമി: സേയം ഹൃദയനിഹിതാ രക്ഷണീയാ
ഭവദ്ഭി:
കാലേ കാലേ സ്വയമിവ വധൂരന്യഭോഗ
പ്രമാദാൽ 12
പുണ്യാരംഭേ ത്വരയത മനോ മാനവാ വ:
കൃതാന്ത:
കാലാകാംക്ഷീ നികടമടതി വ്യാവൃതാസ്യ
പ്രചണ്ഡ:
തസ്യൈവാസൗ പ്രിയമിവ പിതു: കർത്തുമാശു
പ്രയാണൈ-
രഹ്നാമീശോ നയതി ഭവതാമായുഷശ്ശേഷ
മാശു.
സ്വസ്തിശ്രീനഗോദ്വാദശി. 13

സ്തുതിയാണ്. പിന്നെയുള്ള നാലു പദ്യങ്ങൾ യാദവ രാജവംശത്തെ പ്രകീർത്തിക്കുന്നു. ആ വംശത്തിൽ പിറന്ന വിഴിഞ്ഞത്തിലെ രാജാവ് ശാസനത്തിന്റെ തമിഴ് ഭാഗത്തിൽ വിവരിക്കുന്ന ഭൂമി ദാനം ചെയ്യുന്നതായി അടുത്ത രണ്ടു പദ്യങ്ങൾ പറയുന്നു. ഈ ഭൂമിയുടെ രക്ഷയ്ക്ക് വീരകോതൻ എന്ന ഒരാളെ നിയമിച്ചതാണ് ഇനിയുള്ള പദ്യത്തിന്റെ പ്രതിപാദ്യം. "നിങ്ങൾ ഈ പുണ്യാത്മാവായ അനപായത്തെ നശിപ്പിക്കരുതേ!" [6] എന്നും, "ഈ ഭൂമിയെ നിങ്ങൾ രക്ഷിക്കണേ" എന്നും ഭാവിതലമുറയോട് അഭ്യർഥിക്കുന്നവയാണ് അടുത്ത രണ്ടു പദ്യങ്ങൾ. "മരണം ഏതു ദിവസവും സംഭവിക്കാമെന്നതിനാൽ, ധർമം നേടുവാൻ ശ്രദ്ധിക്കുക" എന്ന ഉദ്ബോധനമാണ് അവസാനപദ്യത്തിൽ.

തമിഴ് ഭാഗത്തിന്റെ അവസാനത്തിൽ നിന്ന് ഭൂസ്വത്തുക്കൾ തിരുമൂലവാതത്ത് പടാരർക്ക് കൊടുത്തതാണെന്ന് അറിയാം. ശാസനത്തിലെ ആദ്യപദ്യം നിസ്സംശയമായും ശുദ്ധോദനപുത്രനായ ബുദ്ധനെ സ്തുതിക്കുന്നതാണ്. ഇതിൽ നിന്ന്, തിരുമൂലവാതത്ത് പടാരർ ബുദ്ധനാണെന്ന് ഊഹിച്ചിരിക്കുന്നു എന്നേയുള്ളു.

പതിനൊന്നാമത്തെ പദ്യത്തിൽ വരഗുണന്റെ പേർ പറഞ്ഞിട്ടുണ്ട്. വരഗുണൻ ഹിന്ദുവോ ബൗദ്ധനോ ജൈനനോ എന്ന് അറിഞ്ഞുകൂടാ. ആറാമത്തെ പദ്യത്തിൽ അദ്ദേഹം സ്വന്തം പൂർവികന്മാർ ചെയ്ത അശ്വമേധയാഗങ്ങളിൽ ഊററം കൊള്ളുന്നുണ്ട്. വരഗുണൻ ഹിന്ദുവാണെന്ന ധാരണയ്ക്ക് ഇതു് ഉപോദ്ബലകമാകുന്നു. ഹിംസാപ്രധാനമായ അശ്വമേധത്തിൽ ബൗദ്ധ–ജൈനർക്ക് അഭിമാനം തോന്നുക സാധാരണമല്ലല്ലോ. തിരുച്ചാണത്ത് ജൈനക്ഷേത്രത്തിലെ പാർശ്വനാഥവിഗ്രഹത്തിന്നു താഴെ കാണുന്ന, "ശ്രീ തിരുച്ചാരണത്തു പട്ടിനി പടാരർ ചട്ടൻ വരകുണൻ ചെയ്‌വിത്ത ശ്രീമേനി" എന്ന കുറിപ്പിൽ നിന്ന്, താൻ പദ്മാവതീദേവിയുടെ ശിഷ്യപ്രമാണിയാണെന്ന് അദ്ദേഹം അഭിമാനിച്ചിരുന്നതായി മനസ്സിലാക്കാമെന്ന് ഇളംകുളം കുഞ്ഞൻപിള്ള പറയുന്നു [7]. വരഗുണൻ ജൈനനായിരുന്നു എന്നാണ് ഇതിന്നർഥം. "എന്നാൽ ഈ ശാസനങ്ങളെ അവലംബിച്ച് അദ്ദേഹം ബുദ്ധമതാനുയായിയോ ജൈനമതവിശ്വാസിയോ ആയിരുന്നു എന്ന് തീർച്ചയാക്കുന്നതു് അബദ്ധമായിരിക്കും. വിഷ്ണുഭക്തനായ കരുനന്തടക്കന്റെ പിൻഗാമിയാണല്ലോ വരഗുണൻ. എല്ലാ മതങ്ങളെയും തുല്യനിലയിൽ വീക്ഷിക്കുവാനും സ്നേഹിക്കുവാനും സാധിച്ചിരുന്ന ജനങ്ങളും രാജാക്കന്മാരും അക്കാലത്ത് അപൂർവമായിരുന്നില്ല" എന്ന് ഇളംകുളം തുടരുന്നു. "തിരുച്ചാണത്ത് പട്ടിനി പടാരരുടെ ചട്ടൻ" ആയിരുന്ന വരഗുണനും പാലിയം ചെപ്പേടിലെ വരഗുണനും ഭിന്നരായിരുന്നു എന്നതിന്, അവർ അഭിന്നരായിരുന്നു എന്നതിനെന്ന പോലെ, നിശ്ചിതമായ തെളിവൊന്നുമില്ല.

ശ്രീമൂലവാസത്തേക്ക് ഏതാനും ഭൂസ്വത്തുക്കൾ ദാനം ചെയ്യുന്നതു് രേഖപ്പെടുത്തുന്ന ഒരു ശാസനത്തിൽ ആമുഖമായി ശൗദ്ധോദനിയെയും അവലോകിതനെയും സ്തുതിക്കുന്ന പദ്യങ്ങൾ ഉള്ളതുകൊണ്ടു മാത്രം ശ്രീമൂലവാസം ഒരു ബൗദ്ധവിഹാരമായിക്കൊള്ളണമെന്നില്ല. ദാനകർത്താവ് ശൗദ്ധോദനിയുടെയും അവലോകിതന്റെയും ഭക്തനായിരുന്നു എന്നോ ശൗദ്ധോദനിയും അവലോകിതനും ദാനകർത്താവിന്റെ ഇഷ്ടദേവതകളായിരുന്നു എന്നോ മാത്രമേ അതിന് അർഥമുള്ളു. പദ്മനാഭദാസനായ രാജാവ് മറ്റു ക്ഷേത്രങ്ങൾക്ക് ദാനം ചെയ്യുമ്പോഴും പദ്മനാഭനെ സ്മരിക്കുക സാധാരണമാണ്. ബുദ്ധനെയും അവലോകിതനെയും സ്മരിച്ചു കൊണ്ടാരംഭിക്കുന്ന ഒരു ശാസനത്തിൽപ്പറയുന്ന ദാനം ഒരു ബൗദ്ധവിഹാരത്തിലേക്കാവാൻ കൂടുതൽ സാധ്യതയുണ്ടെന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ സാധ്യതയും നിശ്ചിതത്വവും തമ്മിൽ വളരെ അന്തരമുണ്ടെന്ന കാര്യം നാം വിസ്മരിച്ചുകൂടാ.

ഈ ശാസനത്തിലെ രണ്ടാം പദ്യത്തിന് എന്താണർഥം ? ബൗദ്ധരുടെ ത്രിശരണങ്ങളിൽപ്പെട്ട ധർമത്തെയും സംഘത്തെയുമാണോ അതിൽ സ്തുതിക്കുന്നതു് ? ആകാൻ വഴിയില്ല. ബൗദ്ധധർമത്തെപ്പറ്റിയുള്ള പരാമർശം ഒന്നാം പദ്യത്തിൽ തന്നെ വന്നു കഴിഞ്ഞതാണല്ലോ. മറിച്ച് മതസഹിഷ്ണുതയുള്ള ഒരു ഹിന്ദു തന്റേതിൽ നിന്നു വ്യത്യസ്തങ്ങളായി അന്നു നിലവിലുള്ള രണ്ടു ധർമസംഘങ്ങളെ, ബൗദ്ധധർമസംഘത്തെയും ജൈനധർമസംഘത്തെയും, ശ്ലേഷമര്യാദയാ സ്തുതിക്കുകയാണ് ആ പദ്യത്തിൽ എന്നു കരുതാനാണ് അധികം സാംഗത്യം. ബൗദ്ധ

6. 'അനപായ'മെന്നതിന്ന് ദാതാവിന്റെ വംശം എന്ന വ്യാഖ്യാനമാണ് നല്കിക്കാണുന്നതു്. ദാനം വാങ്ങുന്ന ജൈനഗണം എന്ന അർഥത്തിന്നാണ് കൂടുതൽ സാംഗത്യം. ജൈനഗണത്തെ "അനപായം" എന്നു പറയാറുണ്ട്.

7. ചേരസാമ്രാജ്യം ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ പേജ് 58

ധർമവും ബൗദ്ധസംഘവും രണ്ടും ആത്മാകാരഗ്രഹണവിമുഖങ്ങളാണു് എന്നു പറയുന്നതിനു് അർഥമില്ല. ബൗദ്ധധർമം ആത്മാവിനെ അംഗീകരിക്കുന്നില്ലെങ്കിൽ ബൗദ്ധസംഘത്തിനു് ആത്മാവിനെ അംഗീകരിക്കുക സാധ്യമല്ലല്ലോ. എന്നാൽ ബൗദ്ധധർമം ജീവാത്മപരമാത്മാക്കളെയും ജൈനധർമം പരമാത്മാവിനെയും നിഷേധിക്കുന്നു എന്നു പറയുന്നതിൽ അർഥമുണ്ടു്, ചമൽക്കാരവുമുണ്ടു്. അംഗം, ശ്രുതി, ശ്രുപം മുതലായ വാക്കുകളിലും ഈ രണ്ടു മതങ്ങളിലേയും ചില സാങ്കേതികപദങ്ങളുടെ പ്രതിധ്വനി കേൾക്കാം. "ഭൂമിയുടെ രണ്ടു നേത്രങ്ങൾ പോലെയാകട്ടെ രണ്ടു ധർമസംഘങ്ങൾ" എന്ന ഈ പദ്യത്തിലെ ആശംസ, ജൈനമതത്തിലും ബുദ്ധമതത്തിലും സമാനമായ ആസ്ഥയുള്ള ഒരു ഹിന്ദു ജൈന ബൗദ്ധധർമസംഘങ്ങളെ വിഷയീകരിച്ചു് പ്രകടിപ്പിക്കുന്നതാണെന്നു് കരുതുന്നതിൽ യാതൊരു അപകടവും ഞാൻ കാണുന്നില്ല.

അതെങ്ങനെയായാലും, ശ്രീമൂലവാസം ഒരു ബൗദ്ധവിഹാരമായിരുന്നു എന്നതിനു് സംശയാതീതമായ സാക്ഷ്യം പാലിയം ചെപ്പേടിൽ നിന്നു ലഭിക്കുന്നില്ല. വരഗുണൻ ഒരു തീവ്രബൗദ്ധനായിരുന്നു എന്നു് ഡോ. എം. ജി. എസ്. പ്രസ്താവിക്കുന്നതിനു്[8] തെളിവുകൾ ഇനി മേൽ കിട്ടേണ്ടിയിരിക്കുന്നു. പാലിയം ശാസനത്തിലെ 13–ാം പദ്യത്തിൽ "ഗൃഹീത ഇവ കേശേഷു മൃത്യുനാ ധർമമാചരേൽ" എന്ന പഴയ ഉപദേശത്തിന്റെ പ്രതിധ്വനിയിൽ കവിഞ്ഞൊന്നും എനിക്കു കേൾക്കാൻ കഴിയുന്നില്ല.

എ. ഡി. പതിനൊന്നാം ശതകത്തിന്റെ പൂർവാർധത്തിലുണ്ടായതെന്നു കരുതപ്പെടുന്നതും കോലരാജാക്കന്മാരുടെ വംശചരിത്രത്തെ അധികരിച്ചുള്ളതുമായ "മൂഷികവംശം" എന്ന സംസ്കൃതകാവ്യത്തിലാണു് ശ്രീമൂലവാസത്തെപ്പററി നാലാമതായി പരാമർശിച്ചു കാണുന്നതു്[9]. ശ്രീമൂലവാസം ഒരു ബൗദ്ധസങ്കേതമായിരുന്നില്ലെന്നും മറിച്ചു് അതൊരു ജൈനസങ്കേതമായിരുന്നു എന്നും കരുതാനേ മൂഷികവംശത്തിലെ പരാമർശങ്ങൾ ഉപകരിക്കുന്നുള്ളൂ.

ശ്രീകണ്ഠൻ എന്ന രാജാവിന്റെ സമകാലികനെന്നു കരുതപ്പെടുന്ന അതുലന്റെ കൃതിയായ മൂഷികവംശത്തിൽ ഒന്നാം രാമഘട മൂഷികൻ മുതൽ ശ്രീകണ്ഠൻ വരെ നൂററിപ്പതിനഞ്ചു രാജാക്കന്മാരുടെ ഒരു പരമ്പര വർണിക്കപ്പെട്ടിരിക്കുന്നു. ഇവരെല്ലാം ഹിന്ദുമതാവലംബികളാണു്. ഇവരിൽ പലരും ചെയ്ത പ്രസ്താവയോഗ്യമായ പ്രവൃത്തി ഹിന്ദുക്ഷേത്രങ്ങളുടെ നിർമാണവും ജീർണോദ്ധാരണവുമായിരുന്നു. എങ്കിലും ഇവർ അന്യമതങ്ങൾക്കു എതിരായിരുന്നില്ല. "പരസ്പരം കടിച്ചു കീറുന്ന കാട്ടുജന്തുക്കൾ സിദ്ധന്മാരായ തപസ്വികളുടെ ആശ്രമങ്ങളിൽ സഹവർത്തിക്കും പോലെ" എല്ലാ ദേവതകളും കോലരാജധാനിയിൽ സഹവർത്തിച്ചിരുന്നു[10].

ഈ രാജാക്കന്മാരുടെ കൂട്ടത്തിൽ ഒരാൾ ഹൈന്ദവേതരമായ ഒരു ദേവാലയം ഉണ്ടാക്കിയതായി കാണുന്നുണ്ടു്. വിനയവർമാവു് എന്ന രാജാവിന്റെ പുത്രനായ രാജവർമാവു് ആകാശത്തു മുട്ടുന്ന ശിഖരങ്ങളോടു കൂടിയ പ്രാസാദങ്ങളാൽ പ്രശോഭിതവും രത്നത്രയാസ്പദവുമായ ഒരു വിഹാരം നിർമിച്ചുവെന്നു് "മൂഷികവംശം" പറയുന്നു[11]. ഈ രത്നത്രയാസ്പദമായ വിഹാരം ഒരു ജൈനക്ഷേത്രമായിരുന്നിരിക്കണം. സമ്യഗ്ദൃഷ്ടി, സമ്യഗ്ജ്ഞാനം, സമ്യഗ്വൃത്തം എന്നിവയാണു് ജൈനരുടെ രത്നത്രയം. "ന്യവേശി രത്നത്രിതയേ ജിനേന യഃ സ ധർമചിന്താമണി:" എന്നു് നൈഷധീയചരിതത്തിൽ ശ്രീഹർഷൻ പ്രസ്താവിക്കുന്നു. ഇവിടെ ബൗദ്ധരുടെ രത്നത്രയമല്ല ഉദ്ദിഷ്ടം. കാരണം, ബുദ്ധധർമസംഘങ്ങളാകുന്ന മൂന്നു രത്നങ്ങളിൽ ഒന്നു ധർമമാണു്; ധർമം ധർമത്തിൽ നിവിഷ്ടമെന്നു പറയുന്നതു് നിരർഥകവുമാണു്. "യോ ധർമാഖ്യ: ചിന്താമണി: ജിനേന ദേവേന അർഹതാ രത്നത്രിതയേ ജൈനപരിഭാഷയാ സദ്ദൃഷ്ടിജ്ഞാനവൃത്താഖ്യേ രത്നത്രയേ ന്യവേശി നിവേശിത: 'സദ്ദൃഷ്ടിജ്ഞാനവൃത്താനി ധർമം ധർമേശ്വരാ വിദു:' ഇതി തൈതരുകത്വാൽ" എന്നു നൈഷധീയചരിതവ്യാഖ്യാനത്തിൽ മല്ലിനാഥൻ. ശ്രീ ഹർഷന്റെ രത്നത്രിതയം തന്നെയാണു് അതുലന്റെ രത്നത്രയം. ഉത്തരകേരളത്തിലും തുളുനാട്ടിലും ജൈനമതത്തിനു് നല്ല പ്രചാരമുണ്ടായിരുന്നു. ബുദ്ധമതം ഇവിടങ്ങളിൽ പ്രചരിച്ചിരുന്നതിനു് തെളിവുകളില്ല താനും. ഇക്കാരണത്താലും രാജവർമാവു് നിർമിച്ചതു് ഒരു ജൈനവിഹാരമാകാനാണു് സാധ്യത.

8. Cultural Symbiosis in Kerala p. 16
9. വിജ്ഞാനകൈരളി, നവംബർ 1974, p.523 ff.

10. കൃതാസ്പദാ: കാനനസത്വജാതയ–
സ്തപോഭൃതാം സിദ്ധിമതാമിവാശ്രമേ
ജഗൽപ്രതീതാതിവിരുദ്ധ (വൃത്തയഃ)
സഹാഖിലാ യത്ര വസന്തി ദേവതാഃ
മൂ.വം. 12, 111

11. ചിത്രൈരഭ്രം ലിഹാഗ്രൈര്യ:
പ്രാസാദൈരുപശോഭിതം
വിഹാരം രാജനാമാങ്ക
ശ്ചക്രേരത്നത്രയാസ്പദം. 11.84.

ഈ ജൈനവിഹാരം നിർമിച്ചതു കാരണം രാജവർമാവിന്ന് രാജ്യം നഷ്ടപ്പെട്ടതായി മൂഷികവംശത്തിൽ സൂചനയുണ്ട്. ഏഴിമലയ്ക്കടുത്ത് അചലപത്തനം എന്ന നഗരം സ്ഥാപിച്ച അചലന്റെ സഹോദരനായ വിക്രമസേനന്റെ പൗത്രനായിരുന്നു രാജവർമാവ്. അചലൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ അശ്വസേനൻ രാജാവായി. താമസിയാതെ അശ്വസേനനെ സ്ഥാനഭ്രഷ്ടനാക്കി അചലന്റെ അനുജനായ വിക്രമസേനൻ സ്വയം രാജപദവി ഏററു. വിക്രമസേനനെ തുടർന്ന് അദ്ദേഹത്തിന്റെ പുത്രൻ വിനയവർമാവ് രാജാവായി. വിനയവർമാവിന്റെ പുത്രനായ രാജവർമാവ് സിംഹാസനത്തിൽ പിതാവിനെ തുടർന്ന് ഉപവിഷ്ടനായി. രാജവർമാവ് ജൈനവിഹാരം പണിയിച്ചതിനു ശേഷം, രാജ്യഭ്രഷ്ടനായിരുന്ന അശ്വസേനന്റെ പുത്രനായ ജയമാനി പാണ്ഡ്യരാജാവിന്റെ സൈന്യത്തെ തുണയ്ക്കു കൂട്ടി സ്വന്തം രാജസ്ഥാനം വീണ്ടെടുത്തു [13]. രാജവർമാവിന്റെ ജൈനപക്ഷപാതം ഈ ഭരണപരിവർത്തനത്തിന്നു കാരണമായിട്ടുണ്ടാവാം. പാണ്ഡ്യരാജധാനിയായ മധുരയിൽ നടന്ന ജൈനശൈവമത്സരത്തിന്റെ പ്രതിധ്വനിയാവാം ഒരുപക്ഷേ ഇവിടെ നാം കേൾക്കുന്നതു്.

ശ്രീമൂലവാസം ജൈനകേന്ദ്രമോ ബൗദ്ധകേന്ദ്രമോ എന്ന ചർച്ചയാണല്ലോ ഇവിടെ പ്രകൃതം. രാജവർമാവിനു ശേഷം അമ്പത്തിമൂന്നാമത്തെ രാജാവായിരുന്ന വിക്രമരാമൻ. ഈ രാജാവിന്റെ വാഴ്ചക്കാലത്ത് ജനങ്ങളുടെ വിപത്തുകൾ ശമിപ്പിക്കുന്ന ജിനന്റെ ആലയവും ശ്രീനികേതവുമായ മൂലവാസത്തെ വിഴുങ്ങുന്നതിനു് വലിയ തിരമാലകൾ ഉയർത്തി കടൽത്തീരം കലക്കിയ സമുദ്രം ഗർവോടു കൂടി ഒരുമ്പെട്ടു. തന്റെ അടുത്ത അയൽനാട്ടിലെ രാജാവിനെ മറെറാരു ശത്രു ആക്രമിക്കുന്നതായി കേൾക്കുമ്പോഴുണ്ടാകുന്ന കോപമാണ് ഈ വാർത്ത കേട്ടപ്പോൾ വിക്രമരാമനുണ്ടായതു്. ഉടനെ അദ്ദേഹം വാളൂരി കടലിന്നടുത്തേയ്ക്കു ചെന്നു. തങ്ങൾക്കു സാധിക്കാത്തതായി എന്തെങ്കിലുമുണ്ടെന്ന് ധീരന്മാർ കരുതാറില്ല. ഭയങ്കരമായി അലറിയും തീരം തകർത്തും അലകൾ ഉയർത്തിയും പ്രളയകാലത്തിലെന്ന പോലെ പ്രക്ഷോഭിച്ച സമുദ്രത്തിന്റെ വേഗത്തെ, മേഘഖണ്ഡങ്ങൾ പോലുള്ള ഭാരമേറിയ കല്ലുകൾകൊണ്ടു ചിറകെട്ടി അദ്ദേഹം തടുത്തു. ദുഷ്കരമായ ഈ കർമം ചെയ്ത്, സ്വന്തം സ്ഥാനങ്ങളിൽ നിയമിതരായ പ്രജകളിൽ ധർമത്തിന്റെ തുടർന്ന നിലനിൽപിനുറപ്പു വരുത്തി ആ രാജാവ് വിദ്വാന്മാർക്കു സാഹായം നൽകുന്ന തന്റെ സ്ഥാനം വിട്ട് സ്വർഗലോകം പ്രാപിച്ചു [14].

മൂഷികവംശത്തിന്റെ പന്ത്രണ്ടാം സർഗത്തിലാണ് ഈ സേതുബന്ധപ്രസ്താവമുള്ളതു്. തുടർന്ന് പതിന്നാലാം സർഗത്തിലും മൂലവാസത്തെ പററി പരാമർശമുണ്ട്. കടൽക്ഷോഭത്തിൽ നിന്നു മൂലവാസത്തെ രക്ഷിച്ച വിക്രമരാമനു ശേഷം പത്താമത്തെ രാജാവായ വലഭൻ യുവരാജാവായിരിക്കെ, ചോളരാജാവിനോടു യുദ്ധം ചെയ്യാനൊരുങ്ങിയ കേരളരാജാവിനെ സഹായിയ്ക്കാൻ അദ്ദേഹത്തെ അന്നു കോലരാജാവായിരുന്ന രാമഘടമൂഷികൻ അയച്ചു. വലഭൻ കുറെ ദൂരം ചെന്നപ്പോഴേയ്ക്ക് രാമഘടമൂഷികൻ മരിച്ചു. ഈ തക്കം നോക്കി വിക്രമരാമൻ എന്ന, മൂഷികവംശത്തിൽത്തന്നെ പിറന്ന, ഒരു രാജാവ് കോലരാജധാനി കീഴടക്കി.

12. നൈഷധമഹാകാവ്യം, ചൗഖംഭ, വാള്യം, 1 പേ. 508.

13. പുത്രസ്തതോഽശ്വസേനസ്യ
ദണ്ഡമാദായ പാണ്ഡ്യത:
പ്രത്യാസീദൽസ്വകം രാജ്യം
ജയമാനീ ജഗൽപതി: 11.85.

14. പ്രഥിതമിഹ ജിനസ്യ ശ്രീനികേതം കദാചിൽ
മുഷിതജനവിപത്തേരാലയം മൂലവാസം
പൃഥുചടുലതരംഗക്ഷുബ്ധവേലാതടാന്ത:
കബളയിതു മുദന്വാനുദ്ധതം വ്യാജജൃംഭേ. 12.96
സപദി ച തമുദന്തം സന്നിശമ്യാത്തകോപ:
പരിഭവമിവ ശത്രോരാത്മനോഽനന്തരസ്യ
പ്രതിജലധി സ ദൂരാദുദ്യതാസി: പ്രതസ്ഥേ
ന ഖലു ജഗതി ധീരാ: സ്വസ്യ പശ്യന്ത്യ ഭൂമിം. 97.
പ്രളയ ഇവ ഗഭീരധ്വാനമുല്ലംഘ്യ വേലാം
വിസൃതചടുലവീചേരുത്ഥിത സ്യാർണവസ്യ
തുലിതജലദശൽകൈസ്തൂർണമാബധ്യ സേതും
ബലവദുപലഭംഗൈ: സ്തംഭയാമാസ വേഗം 98.
അസുകരമിതി കൃത്വാ കർമ ധർമാനുബന്ധം
സ്വപദനിയമിതാനാമാദധാന: പ്രജാനാം
സ ബുധജനസഹായം പ്രോജ്ഝ്യ രാജാ പദം സ്വം
വിബുധജനസഹായം സ്ഥാനമഗ്ര്യം പ്രപേദേ. 99

ഇതു കേട്ട് വലഭൻ കേരളരാജാവിനെ സഹായിക്കുകയെന്ന ഉദ്ദിഷ്ടകൃത്യം ഉപേക്ഷിച്ച് സ്വന്തം രാജ്യത്തേക്കു തിരിച്ചു. വഴിയിൽ അദ്ദേഹം സുസമൃദ്ധ വിഭവനും ഗുരുധർമവിത്തമനും അതികാരുണികനും മൂലവാസത്തിൽ സ്ഥിതി ചെയ്യുന്നവനുമായ സുഗതനെ വന്ദിച്ചു. ജൈനജനങ്ങളുടെ ആശിസ്സുകൾ സ്വീകരിച്ച ശേഷം അദ്ദേഹം അന്യർ അപഹരിച്ച സ്വന്തം രാജധാനിയിൽ തിരിച്ചെത്തി[15].

"സുഗതനെ വന്ദിച്ച് ജൈനജനങ്ങളുടെ ആശിസ്സുകൾ സ്വീകരിച്ചു" എന്നാണ് ഇവിടെ പറയുന്നത്. സുഗതൻ ബുദ്ധനെങ്കിൽ "ജൈനജനങ്ങൾ" എന്നതിനു ബൗദ്ധന്മാർ എന്നർഥം പറയണം. "ജൈനർ" ജൈനമതാനുയായികളെങ്കിൽ "സുഗതൻ" സൽപഥഗാമിയായ മഹാവീരനായിരിക്കണം. ഇതിൽ ഏതു വ്യാഖ്യാനം സ്വീകരിക്കണമെന്നു തീരുമാനിക്കുന്നതു മററു ലക്ഷ്യങ്ങൾ കൂടി മുൻനിർത്തിയാവണം. പന്ത്രണ്ടാംസർഗത്തിലെ "ജിനസ്യ ശ്രീനികേതം" എന്നതുമായി കൂട്ടി വായിക്കുമ്പോൾ രണ്ടാമതു പറഞ്ഞ വ്യാഖ്യാനമാണു കൂടുതൽ സ്വീകാര്യമെന്നു തോന്നുന്നു. മൂഷികവംശകർത്താവിന്റെ കാലത്തു ബുദ്ധമതം കേരളത്തിൽ നിന്നു തീരെ മാഞ്ഞു പോയിരിക്കാം. അതു നിമിത്തം അദ്ദേഹത്തിനു ഇവ തമ്മിലുള്ള വ്യത്യാസം പ്രകടമായിരുന്നില്ലെന്നു വരാം. സുഗതനെന്ന ബുദ്ധപര്യായം, അതു മുഖ്യമായും ബുദ്ധവാചകമെന്നു ധരിക്കാതെ, മഹാവീരനെ ഉദ്ദേശിച്ച് അദ്ദേഹം പ്രയോഗിച്ചിരിക്കാം. രണ്ടു സ്ഥലങ്ങളിലുമുള്ള, അർഥശങ്കക്കിട നൽകാത്ത "ജൈന", "ജിന" പദങ്ങളെ മറിച്ചു വ്യാഖ്യാനിക്കുന്നതിനേക്കാൾ കൂടുതൽ സ്വീകാര്യം ഈ വ്യാഖ്യാനമാണെന്നു ഞാൻ കരുതുന്നു.

മൂഷികവംശത്തിനു ശേഷം ശ്രീമൂലവാസത്തെ പറ്റി പ്രസ്താവിക്കുന്ന ഒരു രേഖയും കണ്ടുകിട്ടിയില്ല. മൂഷികവംശനിർമാണത്തിനടുത്ത കാലത്ത്, മിക്കവാറും എ. ഡി. പന്ത്രണ്ടാംശതകത്തിൽ, ശ്രീമൂലവാസം കടലിൽ ആഴ്ന്നു പോയതായി ചരിത്രകാരന്മാർ ഊഹിക്കുന്നു[16]

ശ്രീമൂലവാസം ഒരു ജൈനവിഹാരമായിരുന്നു എന്നു ഞാൻ ഉറപ്പിച്ചു പറയുന്നില്ല. എന്നാൽ അതു ഒരു ബൗദ്ധവിഹാരമായിരുന്നു എന്നു സ്ഥാപിക്കുന്നതിലേറെ, ജൈനവിഹാരമായിരുന്നു എന്നു സ്ഥാപിക്കുന്നതിന്നാണ് കിട്ടിയേടത്തോളം തെളിവുകൾ ഉതകുന്നതു എന്നു ഞാൻ വിശ്വസിക്കുന്നു. കേരളത്തിന്റെ പ്രാചീനചരിത്രത്തിൽ താൽപര്യമുള്ള പണ്ഡിതന്മാർ ഈ വിഷയത്തെപ്പററി ഒരു പുനശ്ചിന്തനം നടത്തണമെന്നു ഞാൻ അഭ്യർഥിക്കുന്നു.

## പുനശ്ച

ഹോയസല രാജവംശത്തിലെ വിഷ്ണുവർധനൻ എന്ന രാജാവ് രാമാനുജാചാര്യന്റെ സ്വാധീനം മൂലം വൈഷ്ണവധർമം സ്വീകരിച്ചെങ്കിലും ജൈനധർമത്തെ ആദരിച്ചു വന്നു. ക്രിസ്തുവർഷം 1133–ൽ രാജധാനിയായ ദ്വാരസമുദ്രത്തിൽ ഉള്ള പാർശ്വനാഥ ജിനാലയത്തിനു അദ്ദേഹം ഒരു ഗ്രാമം ദാനം ചെയ്തു; അക്കാലത്തു ലഭിച്ച ഒരു വിജയത്തിന്റെ സ്മാരകമായി ദ്വാരസമുദ്രത്തിലെ "മൂലനായക"ന്റെ പേർ "വിജയപാർശ്വനാഥ"നെന്നാക്കി മാററുകയും ചെയ്തു എന്നു "ഭാരതീയ സംസ്കാരത്തിനു ജൈനധർമത്തിന്റെ സംഭാവന" എന്ന ഹിന്ദിപുസ്തകത്തിൽ കാണുന്നു. (ഡോ. ഹീരാലാൽ ജൈൻ, ഭാരതീയ സംസ്കൃതി മേം ജൈൻ ധർമ് കാ യോഗ്ദാൻ, പേ. 40). മൂലനായകനെന്ന പേർ പാർശ്വനാഥനുണ്ടായിരുന്നു എന്നാണല്ലോ ഇതിന്റെ സൂചന. "മൂലവാസം" പാർശ്വനാഥക്ഷേത്രമായിരിക്കാൻ വിരോധമില്ലെന്നു ഇതിൽ നിന്നു സിദ്ധിക്കുന്നു.

അനഹിലവാഡയിലെ ചാവഡാ (ചാപോൽക്കട) രാജവംശത്തിൽപ്പെട്ട മൂലരാജൻ സ്വന്തം രാജധാനിയിൽ "മൂലവസതിക" എന്ന പേരിൽ ഒരു ജൈനക്ഷേത്രം നിർമിച്ചുവെന്നു മേൽപ്പറഞ്ഞ പുസ്തകത്തിൽ (പേ. 42) പ്രസ്താവിച്ചിട്ടുള്ളതും ശ്രദ്ധാർഹമാണ്. മൂലവസതിക, മൂലവാസം എന്നീ പദങ്ങൾ ഏകാർഥകങ്ങളാണല്ലോ. മൂലവാസം ജൈനക്ഷേത്രമെന്ന സംശയത്തെ ഇതും ദൃഢീകരിക്കുന്നു.

---

15. ഉപസൃത്യ (നിത്യ) സുസമൃദ്ധ–
 വിഭവഗുരുധർമവിത്തമം
 തത്ര സുഗതമതി കാരുണികം
 ശുചിമൂലവാസജുഷമഭ്യവന്ദത 14.25
 പ്രതിഗൃഹ്യ ച പ്രവരജൈന–
 ജനകൃത...... ജയാശിഷ:
 കോപഭരിതഹൃദയ: സഹസാ
 പ്രയയൗ പരൈരപസൃതം സ്വമന്ദിരം. 26

16. ഇളംകുളം, ചേരസാമ്രാജ്യം ഒമ്പതും പത്തും നൂററാണ്ടുകളിൽ, പേ. 113